**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2649** **13.03.2020 ൽ മറുപടിക്ക്**

**കുണ്ടന്നൂർ ഫ്ലൈ ഓവർ**

| **ചോദ്യം**<br>**ശ്രീ.എം. സ്വരാജ്** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) കുണ്ടന്നൂർ ഫ്ലൈ ഓവർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) യും | പൈലുകൾ, പൈൽ ക്യാപ്പുകൾ, പിയറുകൾ, പിയർ ക്യാപ്പുകൾ, ഗർഡറുകൾ പ്രധാന സ്ലാബുകൾ, ക്രാഷ് ബാരിയേഴ്സ്, മീഡിയനുകൾ ഉൾപ്പെടെ ഫ്ലൈഓവറിന്റെ പ്രധാന ഭാഗങ്ങളുടെ നിർമ്മാണം, വൈറ്റില ഭാഗത്തുള്ള അപ്രോച്ച് റോഡിനുള്ള റീട്ടെയിനിംങ് വാളിന്റെ നിർമ്മാണം, അരൂർ ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ഭാഗമായുള്ള റീട്ടെയിനിങ് വാൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പൈലുകളുടെ നിർമ്മാണം. അരൂർ ഭാഗത്തെ സ്ളിപ്പ് റോഡുകളുടെ നിർമ്മാണം, ഇവയോട് ചേർന്നുള്ള ഗ്യാബിയോൺ വാളിന്റെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. |
| (ബി) ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ? | (ബി) യും | പ്രധാന സ്ലാബിന് മുകളിലുള്ള ടാറിംങ്, വൈറ്റില ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള മണ്ണ് ഫില്ലിംങ്, GSB,WMM ഉൾപ്പെടെയുള്ള ടാറിംങ് ജോലികൾ പൂർത്തിയാക്കാനുണ്ട്. അരൂർഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ഭാഗമായുള്ള പൈൽ ക്യാപ്പ് കോൺക്രീറ്റിങ്, ഗാബിയോൺ, വാൾ വർക്ക്, റീട്ടെയിനിംഗ് വാളുകൾ, മണ്ണ് ഫില്ലിംങ്, ടാറിങ്, പെയിന്റിങ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സൈൻ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. 2020 ഏപ്രിൽ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**